# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

എക്സൈസ് വകുപ്പിലെ കമ്പ്യൂട്ടർവത്കരണം

3565 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് കമ്പ്യൂട്ടർവത്കരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റെയ്ഞ്ച്, ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പുതിയ കമ്പ്യൂട്ടർ നെറ്റ്വർക്ക് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ച് ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിൽ ഇ-പെയ്മെന്റ് സമ്പ്രദായം</u>

3566 ശ്രീ. പി. എ. മാധവൻ
,, ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് ഇ-പെയ്മെന്റ് സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇ-പെയ്മെന്റ് വിജയകരമാകും എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം</u>

3567 ശ്രീ.കെ. അച്ചുതൻ
''ബെന്നി ബെഹനാൻ
''പി. സി. വിഷ്ണുനാഥ്
''വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പരിശീലനം നൽകുന്നതിലേയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പരിശീലനത്തിനായി മോഡ്യൂൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ബിവറേജസ് കോര്‍പ്പറേഷന്റെ ജീവകാരുണ്യ പ്രവര്‍ത്തനങ്ങള്‍</u>

3568 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, കെ. ശിവദാസന്‍ നായര്‍
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ബിവറേജസ് കോര്‍പ്പറേഷന്‍ ജീവകാരുണ്യ പ്രവര്‍ത്തനങ്ങളില്‍ സാമ്പത്തികസഹായം നല്‍കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കില്‍ എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ക്ക് പിന്‍തുണ നല്‍കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) സര്‍ക്കാര്‍/സ്വകാര്യ ആശുപത്രികള്‍ കേന്ദ്രീകരിച്ച് ഡി-അഡിക്ഷന്‍ സെന്ററുകള്‍ ആരംഭിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ജീവകാരുണ്യപ്രവര്‍ത്തനങ്ങള്‍ക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനം ഏര്‍പ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>പരിശോധനയ്ക്ക് ശേഖരിക്കുന്ന മദ്യ സാമ്പിൾ</u>

3569 ശ്രീ. പി. കെ. ഗുരുദാസൻ
,, ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിശോധനയ്ക്ക് ശേഖരിക്കുന്ന മദ്യ സാമ്പിളിന് സർക്കാർ വില നൽകണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) ആരുടെ ആവശ്യാർത്ഥമായിരുന്നു ഭേദഗതി; മദ്യകമ്പനികളും വ്യാപാരികളും പ്രസ്തുത ആവശ്യം ഉന്നയിക്കുകയുണ്ടായോ;

(സി) പ്രസ്തുത ഉത്തരവിന് ഏത് തീയതി മുതൽ പ്രാബല്യമുണ്ട്; സാമ്പിളുകൾ ശേഖരിക്കുന്നതിന് നൽകാൻ പണം ഏത് ബഡ്ജറ്റ് കണക്കിനത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ശരാശരി എത്ര സാമ്പിളുകൾ ഒരു വർഷം പരിശോധന നടത്താറുണ്ട്?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ തടയുന്നതിനായി നടപടി</u>

3570 ശ്രീ. ഷാഫി പറമ്പിൽ
'' ഡൊമിനിക് പ്രസന്റേഷൻ
'' റ്റി. എൻ. പ്രതാപൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യം, മയക്കുമരുന്ന്, കഞ്ചാവ് എന്നിവയുടെ ഉൽപ്പാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിലൂടെ ഉപഭോഗം കുറയ്ക്കുന്നതിന് നടപടി

3571 ശ്രീ. റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിലൂടെ ഉപഭോഗം കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം നടപടികൾക്ക് പൊതുജനങ്ങളുടെ സഹകരണം എക്സൈസ് വകുപ്പിന് ലഭിക്കുന്നുണ്ടോ;

(സി) മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>മദ്യത്തിന്റെ ഗുണനിലവാരപരിശോധന</u>

3572 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കള്ളുഷാപ്പുകളിൽനിന്നും ബാറുകളിൽനിന്നും മദ്യത്തിന്റെ സാമ്പിൾ ശേഖരിക്കുന്നതിന് ഉദ്യോഗസ്ഥർ സ്വന്തം കയ്യിൽനിന്നും മദ്യത്തിന്റെ വില നൽകണമെന്നതുകൊണ്ട് അവർ സാമ്പിളുകൾ ശേഖരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുനടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>മദ്യത്തിന്റെ സെസ് ഉപയോഗിച്ച് സൗജന്യ മരുന്ന് വിതരണം</u>

3573 ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണം നടത്തുന്നതിനായി മദ്യത്തിന് സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതിവർഷം ഈ ഇനത്തിൽ എന്ത് തുക പിരിച്ചെടുക്കാനാകുമെന്ന് കരുതുന്നു;

(സി) കെ.എസ്.ബി.സി. എത്ര ശതമാനം സെസാണ് ഇതിനായി ചുമത്തിയിരിക്കുന്നത്;

(ഡി) സെസ് നിരക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പൊതുസ്ഥലങ്ങളിലെ മദ്യപാനം</u>

3574 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലത്ത് പരസ്യമായി മദ്യപാനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിയമം അനുശാസിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) വിവാഹാദി-മംഗള കർമ്മങ്ങൾക്ക് ഓഡിറ്റോറിയങ്ങളിലും മറ്റും മദ്യം വിളമ്പുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ വർദ്ധിച്ചുവരുന്ന ഇത്തരം പ്രവണതകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>നീര ഉല്പാദനം - അബ്കാരി ചട്ടങ്ങളിൽ ഭേദഗതി</u>

3575 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ഉല്പ്പാദിപ്പിക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) നീരയുടെ ഉല്പാദനം, വിതരണം എന്നിവ സംബന്ധിച്ച് അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുവോ; ഇതു സംബന്ധിച്ച് ഇതിനോടകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) നീരയുടെ ഉല്പാദനവും വിതരണവും എക്സൈസ് നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>നീര-ഉല്പാദനവും വിതരണവും</u>

3576 ശ്രീ. പി. തിലോത്തമൻ
,, വി. ശശി
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉല്പാദനത്തിനും മറ്റുമായി നാളികേര സൊസൈറ്റികളെ ഏല്പിക്കണമെന്ന ശുപാർശയുണ്ടായിട്ടുണ്ടോ;

(ബി) നീരയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഏതെല്ലാം; അവയുടെ ഉല്പാദനവും വിതരണവും ഏതു രീതിയിലാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>കർഷകർക്ക് നീര ഉൽപ്പാദനാവകാശം</u>

3577 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീര ഉൽപാദിപ്പിക്കുന്നതിന് കേരകർഷകർക്ക് അധികാരം നൽകിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വിശദമാക്കാമോ;

(ബി) അബ്കാരി നിയമത്തിലെ കള്ളിന്റെ നിർവ്വചനം തെങ്ങ്, പന, ഈന്തപ്പന തുടങ്ങിയവയിൽ നിന്നു ലഭിക്കുന്ന പുളിക്കുന്നതും പുളിക്കാത്തതുമായ എല്ലാ പാനീയങ്ങളും എന്നത് ഭേദഗതി ചെയ്താൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്നതല്ലേ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) നീരയുടെ ഉല്പാദനവും വിപണനവും സംബന്ധിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച നീര കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നീര ഉല്പാദിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ഇക്കഴിഞ്ഞ ബജറ്റിൽ 10 ജില്ലകളിൽ 10 നീരയുൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 15 കോടി രൂപ നീക്കിവെച്ചിരുന്നതിൽ, ഏതൊക്കെ ജില്ലകളിൽ ഈ യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ പൊതുമേഖലയിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>നീരയുടെ ഉല്പാദനം - അബ്കാരി ചട്ടം</u>

3578 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉല്പാദനം അബ്കാരി ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ അബ്കാരി ചട്ടത്തിൽ ഭേദഗതി വരുത്താത്തതുകൊണ്ട് നീര ഉൽപ്പാദനം ആരംഭിക്കാൻ കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നീരയിൽ ചേർക്കുന്ന പ്രിസർവേറ്റീവ്സ് ആരോഗ്യത്തിന് ഹാനികരമാകുന്നില്ല എന്ന് ശാസ്ത്രീയമായി ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് ആധികാരികമായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>'നീര'യുടെ വ്യാവസായിക ഉൽപ്പാദനം</u>

3579 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 'നീര' ഉൽപ്പാദനം തുടങ്ങിയിട്ടുണ്ടോ ;

(ബി) 'നീര' വ്യാവസായികമായി ഉൽപ്പാദിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതു തരത്തിലാണ് നടപടികൾ സ്വീകരിച്ചത് എന്ന് വിശദമാക്കാമോ .

(ഡി) ഇതിന് കർഷകരെയും തോട്ടങ്ങളെയും തെരഞ്ഞെടുക്കുന്നത് എങ്ങിനെയെന്ന് അറിയിക്കാമോ ;

(ഇ) ഇതിനുള്ള തൊഴിലാളികളെ നിശ്ചയിക്കുന്നത് എങ്ങിനെയെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കള്ള് ചെത്ത് തൊഴിലാളി ക്ഷേമം</u>

3580

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്ത് വ്യവസായത്തിന്റെ തകർച്ച മൂലം തൊഴിലാളികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കള്ള് വ്യവസായ ബോർഡ് രൂപീകരിക്കുവാൻ തയ്യാറാകുമോ;

(ബി) കള്ള് ഷോപ്പ് ജീവനക്കാർക്കും ചെത്ത് തൊഴിലാളികൾക്കും സുരക്ഷിതത്വം നൽകും വിധം കള്ള് വ്യവസായത്തെ സംരക്ഷിക്കുന്ന ഒരു മദ്യനയം പ്രഖ്യാപിക്കുമോ;

(സി) ചെത്ത് തൊഴിലാളികൾക്കും കള്ള് ഷോപ്പ് ജീവനക്കാർക്കും നൽകുന്ന തുച്ഛമായ പെൻഷൻ വർദ്ധിപ്പിച്ച് 2000 രൂപയാക്കുവാനും അത് കുടുംബപെൻഷനാക്കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കള്ളുചെത്ത് വ്യവസായ പ്രതിസന്ധി</u>

3581 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ളുചെത്ത് വ്യവസായത്തിനുണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയിരത്തിൽപ്പരം ഷാപ്പുകൾ കേരളത്തിൽ അടഞ്ഞുകിടക്കുകയാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; കള്ളുചെത്തു വ്യവസായത്തിനുണ്ടായ പ്രതിസന്ധിയിലൂടെ എത്ര പേർക്ക് തൊഴിലില്ലാതെയായി എന്നു വ്യക്തമാക്കാമോ ;

(ബി) കള്ളുചെത്ത് വ്യവസായത്തെയും ആ മേഖലയിലെ തൊഴിലാളികളെയും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

**<u>ഇടുക്കി ജില്ലയിലെ എക്സൈസ് ചെക്ക്പോസ്റ്റുകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റം</u>**

3582 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ എക്സൈസ് ചെക്ക്പോസ്റ്റുകളിലേയ്ക്ക് ജീവനക്കാരെ സ്ഥലംമാറ്റുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് നിലവിലുള്ളത്; വിശദാംശം നൽകാമോ;

(ബി) ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്യാത്ത എത്ര ജീവനക്കാർ ഇടുക്കി ജില്ലയിലുണ്ട്;

(സി) രണ്ട് തവണയിൽ കൂടുതൽ ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്തിട്ടുള്ളവരെ വീണ്ടും ചെക്ക്പോസ്റ്റുകളിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ടോ;

(ഡി) ഒരു ജീവനക്കാരനെത്തന്നെ രണ്ടിൽ കൂടുതൽ തവണ ചെക്ക്പോസ്റ്റുകളിൽ നിയമിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>വെള്ളരിക്കുണ്ടിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ്</u>

3583 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെള്ളരിക്കുണ്ടിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് അനുവദിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എക്സൈസ് റെയ്ഞ്ച് ഓഫീസ് അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ പുതിയ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്</u>

3584 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ പുതുതായി താലൂക്ക് രൂപീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായി ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>പുന്നപ്ര ഫിഷറീസ് ഹാർബർ</u>

3585 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര ഫിഷറീസ് ഹാർബറിന്റെ പഠനത്തിനായി ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിരുന്നോ; ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) പഠനത്തിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേജർ ഇൻഫ്രാസ്ട്രക്ചറൽ പദ്ധതികൾ

3586

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പാക്കുന്ന മേജർ ഇൻഫ്രാസ്ട്രക്ചറൽ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഗവർണ്ണറുടെ 2013 ലെ നയപ്രഖ്യാപനത്തിൽ 2013-14 ൽ പൂർത്തീകരിക്കുമെന്ന് പറഞ്ഞ മത്സ്യബന്ധനതുറമുഖങ്ങളിൽ ഏതെല്ലാം നാളിതുവരെ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്നവ എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>അരൂർ പൂത്തോട്ടപാലം നിർമ്മാണം</u>

3587 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പളം വട്ടവയൽ പൂത്തോട്ട പാലം നബാർഡ് ധന സഹായത്തോടെ നിർമിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആയത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചോ;

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അപ്രോച്ച് റോഡിനുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനായി റവന്യൂ വകുപ്പ് മുഖേന എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

തീരദേശ സുരക്ഷ

3588

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ സുരക്ഷയും മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനായി ഏതൊക്കെ പദ്ധതികൾ ഈ സർക്കാർ നടപ്പാക്കിയെന്ന് വെളിപ്പെടുത്തുമോ;

(ബി) നാവിക നിയമങ്ങൾ, കടൽ സുരക്ഷാമാർഗ്ഗങ്ങൾ എന്നിവയിൽ തീവ്രപരിശീലനം നൽകാൻ വകയിരുത്തിയ രണ്ട് കോടി രൂപയിൽ എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സംയോജിത കണ്ടൽ ജലകൃഷി പദ്ധതി</u>

T.3589 ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംയോജിത കണ്ടൽ ജലകൃഷി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം, ഇതിനായി ലഭിക്കുന്ന കേന്ദ്ര സഹായം എത്രയാണ്;

(സി) പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എന്തെല്ലാമാണ് നടപ്പാക്കുന്നത്, ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിന് ഇനി എത്ര കാലയളവ് വേണ്ടി വരുമെന്നറിയിക്കുമോ;

(ഡി) സംയോജിത കണ്ടൽ ജലകൃഷി പൂർണ്ണമായും നടപ്പിലാക്കുന്നതിന് എത്ര കാലം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കോൾഡ് ചെയിൻ പദ്ധതി</u>

3590 ശ്രീ. അൻവർ സാദത്ത്
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യവിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും പരമാവധി ഉറപ്പ് വരുത്തുന്നതിന് കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

'ഫിഷ്മെയ്ഡ്' ഫിഷ് കിയോസ്ക്കുകൾ

3591 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' എ. റ്റി. ജോർജ്
'' ലൂഡി ലൂയിസ്
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഫിഷ്മെയ്ഡ്' എന്ന ബ്രാന്റിൽ ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഫിഷ്മെയ്ഡ് കിയോസ്ക്കുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) ഫിഷ്മെയ്ഡ് കിയോസ്ക്കുകൾ വഴിയുള്ള ഉൽപ്പന്നങ്ങളുടെ വിൽപന സംബന്ധിച്ച് മത്സ്യബന്ധനവകുപ്പ് മാർക്കറ്റ് സ്റ്റഡി നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഫിഷറീസ് വകുപ്പിലെ ഏത് ഏജൻസിയ്ക്കാണ് ഇവയുടെ നടത്തിപ്പിന്റെ ചുമതലയുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ഫിഷ്മാളുകളും ഫിഷ് മാർക്കറ്റുകളും

3592 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷ് മാളുകളും ഫിഷ് മാർക്കറ്റുകളും സ്ഥാപിക്കാൻ എത്ര കോടി രൂപ 2013-14 ലെ ബജറ്റിൽ വകയിരുത്തിയെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ചെലവഴിച്ച തുക ഏതൊക്കെ ഇനത്തിലാണെന്നും ഈ സാമ്പത്തികവർഷം ഫിഷ് മാളുകൾ സ്ഥാപിക്കാനുള്ള നടപടി ഏതൊക്കെ സ്ഥലങ്ങളിൽ ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പൊതുനിരത്തുകളിലെ മത്സ്യവിപണനം</u>

3593

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളിൽ വലിയ തോതിൽ മത്സ്യം വിൽക്കുന്നതു മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യമാർക്കറ്റിന് കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ ഇതിനായി കെട്ടിടം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>മത്സ്യസംസ്കരണം</u>

3594 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിനായി മാരകമായ വിഷപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കിടയാക്കുമെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുവാൻ മത്സ്യങ്ങൾ ആരോഗ്യകരമായി സംസ്കരിച്ച് വിൽക്കുന്ന വിൽപന കേന്ദ്രങ്ങൾ ഫിഷറീസ് വകുപ്പ് നേരിട്ട് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>മത്സ്യബന്ധന മേഖലയിൽ നിന്നുള്ള വരുമാനം</u>

3595 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന എത്രയാണ്;

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് മത്സ്യബന്ധന മേഖലയിൽ നിന്നുള്ള വരുമാനം ഗണ്യമായി കുറയുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ;

(സി) മത്സ്യബന്ധന മേഖലയുടെ പുരോഗതിക്കായി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

മത്സ്യങ്ങളിലെ വിഷാംശം

3596 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യങ്ങളിൽ കടുത്ത വിഷാംശമുള്ളതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവ കൃത്യമായി പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യങ്ങൾ വാങ്ങുന്നതിൽ നിന്ന് ജനങ്ങളെ നിരുത്സാഹപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കടാശ്വാസത്തിനായി സമർപ്പിച്ച പട്ടിക</u>

3597 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ കടം എഴുതിത്തള്ളുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ അംഗീകരിച്ച ലിസ്റ്റുപ്രകാരം ഇനി എത്ര പേർക്ക് നിശ്ചിത തുക അനുവദിക്കുവാനുണ്ടെന്നും, ഇതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ തുക അനുവദിക്കുമെന്ന പ്രതീക്ഷയിൽ ലോൺ തിരിച്ചടവില്ലാത്തതിനാൽ പലിശ, പിഴപ്പലിശ എന്നിവ ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ വായ്പ</u>

3598 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളിൽ എത്ര തുക കുടിശ്ശിക യുണ്ട്; കുടിശ്ശിക ഉണ്ടാകാനുള്ള കാരണമെന്ത്; കുടിശ്ശിക എന്നേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ പദ്ധതി

3599 ശ്രീ. ഹൈബി ഈഡൻ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് അർഹരായവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണ്; ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം സർക്കാർ തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് പുതിയാപ്പയിൽ മത്സ്യത്തൊഴിലാളികൾക്ക്
സൗജന്യ ഭവന നിർമ്മാണം</u>

3600 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭവനനിർമ്മാണത്തിന് എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി എത്ര വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബറിന്റെ പരിധിയിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സൗജന്യഭവനനിർമ്മാണത്തിന്, പുതിയാപ്പയിൽ എത്ര അപേക്ഷകർ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഇ) ഇവർക്ക് സൗജന്യഭവനം നൽകാനുള്ള നടപടി എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>കടലാക്രമണത്തെത്തുടർന്നുണ്ടായ ഉപരോധസമരം</u>

3601 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ പുറക്കാടും നീർകുന്നത്തും 2013 ഒക്ടോബർ മാസം 9-ാം തീയതി ഉണ്ടായ ശക്തമായ കടലാക്രമണത്തെത്തുടർന്ന് സർക്കാരിൽനിന്നും അടിയന്തരനടപടി ആവശ്യപ്പെട്ട് മത്സ്യത്തൊഴിലാളികൾ പുറക്കാട് വില്ലേജ് ഓഫീസ് ഉപരോധിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഉപരോധസമരം അവസാനിപ്പിക്കുവാൻ നടത്തിയ ചർച്ചയിൽ മത്സ്യത്തൊഴിലാളികൾ മുന്നോട്ടുവച്ച ആവശ്യങ്ങളും തുടർന്ന് അധികൃതർ നൽകിയ ഉറപ്പുകളും എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ;

(സി) ഈ ഉറപ്പുകളിൻമേൽ സ്വീകരിച്ച തുടർനടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; മത്സ്യത്തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾക്കെല്ലാം പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിലെ ഫിഷറീസ് കാര്യാലയം</u>

3602 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഫിഷറീസ് കാര്യാലയത്തിന്റെ പണി പൂർത്തിയായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അമ്പലപ്പുഴ ഫിഷറിസ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ മത്സ്യഗ്രാമം പദ്ധതി

3603 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേശം ഏതായിരുന്നു;

(ബി) പദ്ധതിക്കായി ഇവിടെ തറക്കല്ലിട്ടത് എന്നാണ്; എത്ര വീടുകൾ നിർമ്മിക്കുന്നതിനായിരുന്നു തീരുമാനം; ഇവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; നിർമ്മാണം എന്ന് പൂർത്തിയാക്കാനായിരുന്നു തീരുമാനം; വ്യക്തമാക്കാമോ;

(സി) സ്വന്തമായി രണ്ടരസെന്റ് സ്ഥലമുള്ളവർക്ക് വീട് വയ്ക്കാൻ ധനസഹായം നൽകുന്ന പദ്ധതിയിലെ ഗുണഭോക്താക്കളായി എത്ര കുടുംബങ്ങളെയാണ് ഇവിടെ നിന്ന് തെരഞ്ഞെടുത്തത്;

(ഡി) ഇവർക്ക് എത്ര തുകയാണ് നൽകുന്നത്; ഈ തുക ഇനിയും ലഭ്യമാകാത്തവരെത്ര; ഇവർക്ക് തുക എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ മത്സ്യഗ്രാമം പദ്ധതി

3604 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഏതെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ എവിടെയെന്നും ഏതെല്ലാമെന്നും വിശദീകരിക്കാമോ;

(സി) ഇതുവരെ പ്രസ്തുത പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്കായി വൈപ്പിൻ മണ്ഡലത്തിൽ ചെലവഴിച്ച തുകയെത്രയാണെന്നും ഏതു പ്രവൃത്തിക്കാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>വൈപ്പിൻമണ്ഡലത്തിലെ ചെമ്മീൻകെട്ട്</u>

3605 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ലൈസൻസോടെ പ്രവർത്തിക്കുന്ന എത്ര ചെമ്മീൻകെട്ട് ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഓരോ കെട്ടിന്റെയും വിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ചെമ്മീൻകെട്ട് നടത്തുന്നതിനുള്ള ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വിശദീകരിക്കാമോ;

(സി) ഈ വർഷം മുതൽ ലൈസൻസ് അനുവദിക്കുന്നതിൽ പുതുതായി എന്തെങ്കിലും മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>വക്കം ഗ്രാമപഞ്ചായത്തിലെ തീരദേശറോഡ് നവീകരണ പദ്ധതി</u>

3606 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14-ൽ ഇതുവരെ തീരദേശ റോഡ് നവീകരണ പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം റോഡുകൾ നവീകരിക്കാൻ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര തുകവീതമാണ് അനുവദിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിലേയ്ക്ക് വക്കം ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന റോഡുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശുപാർശ ചെയ്തതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിയ റോഡുകൾ</u>

3607 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ എത്ര റോഡുകൾ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് പുനർനിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഫിഷറീസ് ഫണ്ട് അനുവദിച്ച റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) അമ്പലപ്പുഴ എം.എൽ.എ. നൽകിയ ലിസ്റ്റിൽ നിന്ന് എത്ര റോഡുകൾക്ക് ഫണ്ട് അനുവദിച്ചു; വിശദാംശം നൽകുമോ;

(സി) ആലപ്പുഴ ജില്ലയിലെ നിയോജകമണ്ഡലങ്ങൾക്ക് നൽകിയ ഫണ്ടിനെ സംബന്ധിച്ചുള്ള ലിസ്റ്റ് നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കല്യാശ്ശേരി മണ്ഡലത്തിൽ 2013-14 വർഷത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ</u>

3608 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന് കീഴിൽ ഏതൊക്കെ തീരദേശ റോഡുകൾ പുനരുദ്ധരിക്കുന്നതിനാണ് 2013-14 വർഷത്തിൽ ഭരണാനുമതി ലഭിച്ചിട്ടുളളത്;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങും; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

എറണാകുളം ജില്ലയിലെ തീരദേശറോഡുകള്‍

3609 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 2011, 2012, 2013 വര്‍ഷങ്ങളില്‍ എറണാകുളം ജില്ലയില്‍ എത്ര റോഡുകള്‍ക്ക് എത്ര രൂപ അനുവദിച്ചുവെന്ന് മണ്ഡലാടിസ്ഥാനത്തില്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കൽ</u>

3610 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന് വേണ്ടി പുതുതായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഇവ ഏതെല്ലാം ആവശ്യത്തിനാണ് ഏറ്റെടുക്കുന്നത്;

(സി) കൊണ്ടോട്ടി, നെടിയിരുപ്പ് വില്ലേജുകളിൽ നിന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം സർവ്വേയിൽപ്പെട്ട സ്ഥലങ്ങളാണ് ഏറ്റെടുക്കാൻ നിർദ്ദേശമുള്ളത്;

(ഡി) ഏറ്റെടുക്കുന്ന ഭൂമിക്ക് നിലവിലെ വിപണി വിലയും സ്ഥലം നൽകുന്ന കുടുംബത്തിലെ ഒരാൾക്ക് ജോലിയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ദേശീയ ജലപാത വികസനത്തിൽ ചീനവല നഷ്ടപ്പെട്ടവർക്ക് സഹായം</u>

3611 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത വീതി കൂട്ടി സർവ്വേ ചെയ്തപ്പോൾ എത്ര ലൈസൻസുള്ള ചീനവലകൾ ഒഴിപ്പിക്കപ്പെട്ടു; ഒഴിപ്പിക്കപ്പെട്ട ചീനവലകൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ:

(ബി) ഒഴിപ്പിക്കപ്പെട്ട ചീനവലക്കാരുടെ കുടുംബത്തിലെ ഒരാൾക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് തൊഴിൽ നൽകി എന്ന് വ്യക്തമാക്കുമോ;

(സി) ജീവനോപാധിയായ ചീനവല നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?